**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1268** **07-02-2023 - ൽ മറുപടിയ്ക്ക്**

**തുരുത്തിമുക്ക് പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂർ നഗരസഭാ പരിധിയിലുള്ള കിടഞ്ഞിയിൽ നിർമ്മിക്കുന്നതും കണ്ണൂർ, കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്നതുമായ തുരുത്തിമുക്ക് പാലത്തിന്റെ പ്രവൃത്തി നിർത്തിവെച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വിശദമാക്കുമോ; | (എ) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ വരുന്ന തുരുത്തിമുക്ക് പാലം പ്രവൃത്തിക്ക് 12.05.2020 ന് ULCCS കമ്പനിയുമായി 11.90 കോടിരൂപയുടെ കരാറിൽ ഏർപ്പെട്ടു. 06.11.2020നാണ് പ്രവൃത്തിയുടെ സ്ഥലം കരാറുകാരന് കൈമാറിയിട്ടുള്ളത്. പ്രവൃത്തിയുടെ പുഴ ഭാഗത്തെ 20 പൈലുകൾ, 3 പൈൽ ക്യാപ്പുകൾ എന്നിവ കരാർ കമ്പനി പൂർത്തീകരിച്ചിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 05.05.2022 ന് ആണ്. എന്നാൽ 10.10.2022 ന് മാത്രമാണ് പാലത്തിന്റെ അനുബന്ധ റോഡിന്റെ സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചത്. കരാർ കാലാവധി അവസാനിച്ചിരുന്നതിനാൽ കരാറുകാരായ ULCCS അധിക നിരക്ക് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ അധിക നിരക്ക് ശുപാർശ ചെയ്തുകൊണ്ട് 05.12.2022 ൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് കെ.ആർ.എഫ്.ബി കത്ത് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട കൂത്തുപറമ്പ് നിയോജക മണ്ഡലം എം.എൽ.എ, നാദാപുരം നിയോജക മണ്ഡലം എം.എൽ.എ, പ്രൊജക്ട് ഡയറക്ടർ കെ.ആർ.എഫ്.ബി-പി.എം.യു എന്നിവർ ULCCS യുമായി നടത്തിയ ചർച്ചയിലും തുടർന്ന് പ്രൊജക്ട് ഡയറക്ടർ കെ.ആർ.എഫ്.ബി-പി.എം.യു കരാറുകാരനുമായി നടത്തിയ ഓൺലൈൻ മീറ്റിംഗിലും അധിക നിരക്ക് അനുവദിക്കാതെ പ്രവൃത്തി തുടരാൻ സാധിക്കില്ല എന്ന നിലപാടാണ് അറിയിച്ചത്. ഈ വിഷയത്തിൽ കരാറുകാരനുമായി ചർച്ച നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളാനുള്ള തുടർനടപടികൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം അക്വയർ ചെയ്ത് കേരള റോഡ് ഫണ്ട് ബോർഡിന് (കെ.ആർ.എഫ്.ബി.) കൈമാറിയിട്ടുണ്ടെങ്കിലും പ്രവൃത്തി മുടങ്ങിയിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

| | | | |
|---|---|---|---|
| | പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ